"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.എച്ച്.കെ.സി-എ1/133/2023/പൊ.ഭ.വ.
പൊതുഭരണ(ഹൗസ് കീപ്പിംഗ് സെൽ-എ)വകുപ്പ്
തിരുവനന്തപുരം,
തീയതി: 21-07-2023

<u>സർക്കുലർ</u>

വിഷയം:- ഗവൺമെന്റ് സെക്രട്ടേറിയറ്റ് - പൊതുഭരണ (ഹൗസ് കീപ്പിംഗ് സെൽ-എ) വകുപ്പ് - സെക്രട്ടേറിയറ്റ് സുരക്ഷ, വാഹന ഗതാഗത നിയന്ത്രണം, വാഹന പാർക്കിംഗ് എന്നിവ സംബന്ധിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 09/12/2021 - ലെ എച്ച്.കെ.സി.എ1/122/2020/പൊ.ഭ.വ. നമ്പർ സർക്കുലർ.
2) 12/07/2022 — ലെ എച്ച്.കെ.സി-എ1/17/2022/പൊ.ഭ.വ നമ്പർ സർക്കുലർ.

സെക്രട്ടേറിയറ്റിലെ സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ വാഹനങ്ങൾ പ്രവേശിക്കുന്നതിനും, പാർക്ക് ചെയ്യുന്നതിനും സൂചനയിലെ സർക്കുലറുകൾ പ്രകാരം നിബന്ധനകൾ പുറപ്പെടുവിച്ചിരുന്നു. എന്നിരുന്നാലും സെക്രട്ടേറിയറ്റിലെ വാഹന തിരക്ക് ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ ആയത് കുറക്കുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾക്ക് പുറമെ താഴെപ്പറയുന്ന നിർദ്ദേശം കൂടി പുറപ്പെടുവിക്കുന്നു.

1. സെക്രട്ടേറിയറ്റ് സുരക്ഷ ക്രമീകരണങ്ങളുടെയും , അമിത വാഹനത്തിരക്ക് കുറയ്ക്കുന്നതിന്റെയും ഭാഗമായി വാഹന പാസുകൾ നിർബന്ധമാക്കുന്നതാണ്. പാർക്കിംഗ് സ്ഥലപരിമിതി നേരിടുന്നതിനാൽ വാഹനപാസുള്ള വാഹനങ്ങൾക്ക് മാത്രമേ പാർക്കിംഗ് അനുവദിക്കുകയുള്ളൂ. ആയതിനാൽ വാഹന പാസ് ആവശ്യമുള്ള ജീവനക്കാർ അപേക്ഷ എത്രയും വേഗം സമർപ്പിക്കേണ്ടതാണ്. (നിലവിൽ ജീവനക്കാരന് ഒരു ഇരുചക്ര വാഹനത്തിനും ഒരു നാല് ചക്ര വാഹനത്തിനും മാത്രമെ പാസ് അനുവദിക്കുകയുള്ളൂ).

2. വാഹന പാസുണ്ടെങ്കിലും സെക്യൂരിറ്റി ഓഫീസർ ആവശ്യപ്പെടുന്ന പക്ഷം തിരിച്ചറിയൽ കാർഡ് കാണിക്കുവാൻ ജീവനക്കാർ ബാദ്ധ്യസ്ഥരായിരിക്കുന്നതാണ്.

3. സെക്രട്ടേറിയറ്റ് ക്യാമ്പസ്സിൽ (മെയിൻ, അനക്സ് - 1, അനക്സ് - 2) പാർക്ക് ചെയ്തിരിക്കുന്ന ഉപയോഗശൂന്യമായ വാഹനങ്ങൾ അടിയന്തിരമായി മാറ്റുന്നതിന് അതത് വകുപ്പുകളും, പൊതുഭരണ(ഇ - അഡ്മിനിസ്ട്രേഷൻ) വകുപ്പും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

4. സെക്രട്ടേറിയറ്റ് ക്യാമ്പസ്സിൽ (മെയിൻ, അനക്സ് - 1, അനക്സ് - 2) രാത്രികാലങ്ങളിൽ അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്യുന്നുണ്ടെങ്കിൽ അവ കണ്ടെത്തി നടപടി സ്വീകരിക്കുവാൻ ചീഫ് സെക്യൂരിറ്റി ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിൽ എല്ലാ വകുപ്പുകളും, ഉദ്യോഗസ്ഥരും, ഡ്രൈവർമാരും, മാധ്യമ പ്രവർത്തകരും, സ്ഥാപനങ്ങളും, ജനപ്രതിനിധികളും, പൊതുജനങ്ങളും സഹകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സെക്യൂരിറ്റി വിഭാഗം ജാഗ്രത പുലർത്തേണ്ടതും സെക്രട്ടേറിയറ്റിന്റെ സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

ഹണി.പി.
അഡിഷണൽ സെക്രട്ടറി

ബഹു.മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറി.
അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ എന്നിവരുടെ പി.എ. മാർക്ക്.
സെക്രട്ടേറിയറ്റിലെ എല്ലാ ഓഫീസർമാർക്കും എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും. (നിയമം ധനകാര്യം ഉൾപ്പെടെ)
ചീഫ് സെക്യൂരിറ്റി ഓഫീസർ, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്.
അസിസ്റ്റന്റ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്. (കെട്ടിടം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്).
ഹെൽത്ത് ഇൻസ്പെക്ടർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ.
ഇ-ഓഫീസ് നോട്ടീസ് ബോർഡ്.

ഉത്തരവിൻ പ്രകാരം
Signed by
Manojkumar M
Date: 21-07-2023 14:57:30
സെക്ഷൻ ഓഫീസർ.